## കൊല്ലങ്കോട്ടും വടക്കഞ്ചേരിയിലും ഷൊർണൂരിലും

# മജിസ്ട്രേട്ട് കോടതികൾ തുടങ്ങാൻ ശുപാർശ

## • കേസുകൾ കെട്ടിക്കിടക്കുന്ന സ്ഥിതി മാറും

പാലക്കാട് • ജില്ലയിൽ കേസ് നടത്തിപ്പു കൂടുതൽ കാര്യക്ഷമമാക്കാൻ കൊല്ലങ്കോട്, വടക്കഞ്ചേരി, ഷൊർണൂർ എന്നിവിടങ്ങളിൽ മജിസ്ട്രേട്ട് കോടതികൾ സ്ഥാപിക്കാൻ ശുപാർശ. നിലവിലുള്ള കോടതികളുടെ അധികാരപരിധി വിഭജിച്ചാണു പുതിയ കോടതികൾക്കു നിർദേശമുള്ളത്.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ‘വിശ്വാസ്’ സംഘടന ഇതു സംബന്ധിച്ചു ഹൈക്കോടതിയിൽ നൽകിയ നിവേദനത്തിൽ കോടതി വിശദ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്നു പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് ആണു ഹൈക്കോടതി റജിസ്ട്രാർക്കു റിപ്പോർട്ട് നൽകിയിട്ടുള്ളത്.

ചിറ്റൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി വിഭജിച്ച് കൊല്ലങ്കോട്ടു പുതിയ കോടതി സ്ഥാപിക്കണമെന്നാണു ശുപാർശ. ചിറ്റൂർ കോടതിയിൽ 2017 ഫെബ്രുവരി 28 വരെ 3,995 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ കൊല്ലങ്കോട്, പുതുനഗരം, പറമ്പിക്കുളം പൊലീസ് സ്റ്റേഷനുകളും കൊല്ലങ്കോട്, നെന്മാറ എക്സൈസ് റേഞ്ചുകളും കൊല്ലങ്കോട്, പറമ്പിക്കുളം, സുങ്കം, കരിമല, തേക്കടി, ഒരുകൊമ്പൻ വനം റേഞ്ചുകളും ഉൾപ്പെടുത്തി കൊല്ലങ്കോട് കോടതി രൂപീകരിക്കാമെന്നാണു റിപ്പോർട്ട്.

ആലത്തൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി വിഭജിച്ചാണു വടക്കഞ്ചേരിയിൽ പുതിയ കോടതിക്കു ശുപാർശ നൽകിയിട്ടുള്ളത്. വടക്കഞ്ചേരി, മംഗലം ഡാം, പാടഗിരി പൊലീസ് സ്റ്റേഷനുകളും നെന്മാറ, കുഴൽമന്ദം എക്സൈസ് റേഞ്ചുകളുടെ ഒരു ഭാഗവും നെല്ലിയാമ്പതി വനം റേഞ്ച് ഓഫിസുമാണ് വടക്കഞ്ചേരി കോടതിയിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുള്ളത്. ആലത്തൂർ കോടതിയിൽ ഈ വർഷം ഫെബ്രുവരി 28 വരെയായി 4,525 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്.

ഒറ്റപ്പാലം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയുടെ അധികാരപരിധിയിൽ വരുന്ന ഷൊർണൂർ, ശ്രീകൃഷ്ണപുരം പൊലീസ് സ്റ്റേഷനുകൾ, ഷൊർണൂർ റെയിൽവേ പൊലീസ്, ഷൊർണൂർ, പാലക്കാട്, പൊള്ളാച്ചി റെയിൽവേ സംരക്ഷണ സേന, ചെർപ്പുളശ്ശേരി, പട്ടാമ്പി എക്സൈസ് റേഞ്ച് ഓഫിസുകൾ എന്നിവ പുതുതായി ശുപാർശ ചെയ്യപ്പെട്ട ഷൊർണൂർ കോടതിയിലേക്കു മാറ്റണമെന്നാണു റിപ്പോർട്ടിൽ പറയുന്നത്. ഒറ്റപ്പാലം കോടതിയിൽ ഫെബ്രുവരി 28 വരെ 5,182 കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്.

# ജില്ലയിൽ പുതിയ മജിസ്ട്രേറ്റ് കോടതികൾ: ഹൈക്കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടു

**പാലക്കാട്:** ജില്ലയിൽ പുതിയ മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് നൽകാൻ കേരള ഹൈക്കോടതി ആവശ്യപ്പെട്ടു. പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോട് ഹൈക്കോടതി ഇക്കാര്യം ആവശ്യപ്പെട്ടുള്ള അറിയിപ്പ് കിട്ടിയതായി വിശ്വാസ് ഭാരവാഹികൾ അറിയിച്ചു. കുറ്റകൃത്യത്തിന് ഇരയായവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണ് വിശ്വാസ്. വിശ്വാസ് സംഘടനയാണ് കെട്ടിക്കിടക്കുന്ന കേസുകൾക്ക് പരിഹാരം കാണാൻ കൂടുതൽ കോടതികൾ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയത്.

ചിറ്റൂർ, ആലത്തൂർ, ഒറ്റപ്പാലം, മണ്ണാർക്കാട് എന്നിവിടങ്ങളിലെ മജിസ്ട്രേറ്റ് കോടതികൾ വിഭജിച്ച് കൊല്ലങ്കോട്ടും അട്ടപ്പാടിയിലും പ്രത്യേക മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കണമെന്നായിരുന്നു നിവേദനത്തിലെ ആവശ്യം. ആലത്തൂരിലും ഒറ്റപ്പാലത്തും പുതിയ മജിസ്ട്രേറ്റ് കോടതികൾ വേണമെന്നും നിവേദനത്തിലുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സബോഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാർ എൻ. അനിൽകുമാർ റിപ്പോർട്ട് ആവശ്യപ്പെട്ടത്.

ജില്ലയിൽ ഏറ്റവുമൊടുവിൽ മജിസ്ട്രേറ്റ് കോടതി നിലവിൽ വന്നത് 1975ൽ മണ്ണാർക്കാട്ടാണ്. കേസുകളുടെ ബാഹുല്യവും കേസുകൾ പരിഗണിക്കുന്നതിനായി ആവശ്യത്തിന് കോടതികളില്ലാത്ത സാഹചര്യവുമാണുള്ളത്. പല കോടതികളിലും 2010വരെയുള്ള കേസുകളാണ് പരിഗണിക്കുന്നത്. ഇക്കാരണത്താൽ കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവർക്ക് നീതിലഭിക്കാൻ വൈകുന്ന സാഹചര്യമാണുള്ളത്.

ജില്ലയിൽ ഇപ്പോഴുള്ള എട്ട് മജിസ്ട്രേറ്റ് കോടതികൾക്കുപുറമെ നാല് മജിസ്ട്രേറ്റ് കോടതികൾകൂടി സ്ഥാപിച്ചാൽ മാത്രമേ കേസുകൾ യഥാസമയം തീർപ്പാക്കാൻ സാധിക്കയുള്ളൂ.

മജിസ്ട്രേറ്റ് കോടതികളുടെ കുറവുകാരണം ജില്ലയിൽ 33,523 കേസുകളാണ് തീർപ്പാകാതെ കിടക്കുന്നത്. ഇതിൽ ഒരു വർഷത്തിലേറെയായി കെട്ടിക്കിടക്കുന്നത് 26,654 കേസാണ്. 2015 നവംബർവരെയുള്ള കണക്കാണിത്.

പാലക്കാട്ട് മൂന്ന് മജിസ്ട്രേറ്റ് കോടതികൾ കൂടാതെ മണ്ണാർക്കാട്, ചിറ്റൂർ, പട്ടാമ്പി, ആലത്തൂർ, ഒറ്റപ്പാലം എന്നിവിടങ്ങളിലാണ് മജിസ്ട്രേറ്റ് കോടതികളുള്ളത്. ഒരുമാസത്തിൽ ശരാശരി 2,500 കേസാണ് ഓരോ കോടതിയിലുമെത്തുന്നത്. ഈ കേസുകളെല്ലാം പരിഗണിക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും. സാമ്പത്തിക ക്രമക്കേടുപോലുള്ള കേസുകളിൽ നിരവധി സാക്ഷികളും രേഖകളും പരിശോധിക്കേണ്ടിവരുന്നതിനാൽ കോടതികളുടെ കുറവ് ഇത്തരത്തിലുള്ള കേസുകളെ കാര്യമായി ബാധിക്കും.

# ജില്ലയിൽ പുതിയ കോടതികൾ, ഹൈക്കോടതി റിപ്പോർട്ട് തേടി

**നിലവിൽ കോടതികളുടെ പരിഗണനയിലുള്ളത് 30,000 ത്തിലധികം കേസുകൾ**

.പാലക്കാട് ● ജില്ലയിൽ നാലു പുതിയ മജിസ്ട്രേട്ട് കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് പ്രാഥമിക റിപ്പോർട്ടു നൽകാൻ ഹൈക്കോടതി ആവശ്യപ്പെട്ടു.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസ് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി നടപടി.അട്ടപ്പാടിയിലും കൊല്ലങ്കോട്ടും പ്രത്യേകം പ്രത്യേകം കോടതികളും ആലത്തൂരും ഒറ്റപ്പാലത്തും പുതിയ മജിസ്ട്രേട്ട് കോടതികളും സ്ഥാപിക്കണമെന്നാണ് വിശ്വാസിന്റെ ആവശ്യം. ജില്ലയിലെ കേസുകളുടെ എണ്ണവും നിലവിലുള്ള കോടതിയുടെ അവസ്ഥയും ഉൾപ്പെടുന്ന വിശദമായ റിപ്പോർട്ടും ഹൈക്കോടതിക്കു നൽകിയിരുന്നു. തുടർന്നാണ് സബ് ഓർഡിനേറ്റ് ജുഡീഷ്യറി രജിസ്ട്രാർ എൻ.അനിൽകുമാർ പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടത്. 1975 ൽ മണ്ണാർക്കാട്ടാണ് അവസാനമായി മജിസ്ട്രേട്ട് കോടതി സ്ഥാപിച്ചത്.

ഇപ്പോൾ 2010 വരെയുള്ള കേസുകളാണ് വിചാരണയിലുള്ളത്.നിലവിൽ എട്ട് കോടതികളുണ്ടെങ്കിലും കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.. ആനുപാതികമായി നാല് കോടതികൾ കൂടി ജില്ലയിൽ ആവശ്യമാണ്. നിലവിൽ 30,000 ത്തിലധികം കേസുകളാണ് കോടതികളുടെ പരിഗണനയിലുള്ളതെന്ന് വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥിന്റെ റിപ്പോർട്ടിൽ പറയുന്നു.. വിചാരണ വൈകുന്നതോടെ പലരുടെയും ജീവിതം ബുദ്ധിമുട്ടിലാവുകയാണ്.സാമ്പത്തിക ക്രമക്കേടുകൾ ഉൾപ്പെടെ കേസുകളിൽ നിരവധിസാക്ഷികളും രേഖകളും ഉള്ളതിനാൽ നടപടി പൂർത്തിയാകാൻ കൂടുതൽ കാലമെടുക്കും.

# Palakkad to get 3 magistrate courts

**EXPRESS NEWS SERVICE**
@ Palakkad

WITH the lower courts struggling to clear the huge backlog of cases, Palakkad Chief Judicial Magistrate (CJM) Anil Bhaskar has filed a report to the Registrar of the Kerala High Court of Kerala, suggesting the establishment of new magistrate courts at Kollengode, Vadakkencherry and Shoranur.

This follows a representation by the secretary of the Victims Information, Sensitisation, Welfare and Assistance Society (VISWAS), Palakkad to the High Court requesting the bifurcation of the judicial first class magistrate courts (JFMC) at Chittur, Alathur and Ottappalam.

Based on the representation, the Kerala High Court sought a detailed report from the CJM, Palakkad on the number of police stations and the pendency of cases and crimes in relation to Police, Excise and Forest departments.

### Bifurcating JFMC, Chittur

In the report submitted to the High Court, the CJM suggested the bifurcation of the JFMC, Chittur and establishment of a new magistrate court at Kollengode. The suggestion was to bifurcate the police stations of Kollengode, Pudunagaram and Parambikulam, two Excise ranges (Kollengode and Nenmara) and six forest ranges (Kollengode, Parambikulam, Sungam, Karimala, Thekkady and Orukomban) from the existing JFMC court, Chittur. There are 3,995 cases pending before the JFMC Chittur as on February 28, 2017.

### Bifurcating JFMC, Alathur

The CJM's report suggested bifurcation of the JFMC, Alathur to establish a new magistrate court at Vadakkenchery. The suggestion was to bifurcate three police stations (Vadakkenchery, Mangalam Dam and Padagiri), two Excise ranges (part of Nenmara and Kuzhalmannam) and the forest range office in Nelliyampathy. There are 4,525 cases pending before the JFMC, Alathur as on February 28, 2017.

### Bifurcating JFMC, Ottappalam:

The third suggestion is to bifurcate the JFMC, Ottappalam to establish a new magistrate court at Shoranur. The report recommends bifurcation of six police stations (Shoranur, Sreekrishnapuram, Railway police, Shoranur, RPF, Shoranur, RPF, Palakkad and RPF, Pollachi) and two Excise ranges (Cherpulassery and Pattambi) from the existing JFMC, Ottappalam. There are 5,182 cases pending before the JFMC, Ottappalam as on February 28, 2017.

THE NEW INDIAN EXPRESS Mon, 17 April 2017
epaper.newindianexpress.com/c/1837